"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീമതി. അരുന്ധതി, കണ്ണങ്കേരൻ വീട്, നാട്ടിക. പി.ഒ, തൃശ്ശൂർ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.249/2024/ID തീയതി,തിരുവനന്തപുരം, 25-03-2024

---

പരാമർശം:-

1. തൃശ്ശൂർ ജില്ലാ ജിയോളജിസ്റ്റിന്റെ 08.02.2018 ലെ 3265/സി2/ ടിഡിഒ/16 നമ്പർ ഡിമാന്റ് നോട്ടീസ്.
2. ശ്രീമതി. അരുന്ധതി, കണ്ണങ്കേരൻ വീട്, നാട്ടിക. പി.ഒ, തൃശ്ശൂർ 14.11.2018 തീയതിയിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ.
3. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 25.02.2019 ലെ 3762/എം3/2018 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്ക് നാട്ടിക വില്ലേജിലെ സർവ്വേ നം.185/4 ൽപ്പെട്ട സ്ഥലത്ത് ബിൽഡിംഗ് പെർമിറ്റ് പ്രകാരം കമേഴ്സ്യൽ ബിൽഡിംഗ് നിർമ്മാണത്തിന്റെ ഭാഗമായി ലഭ്യമായതും കൂട്ടിയിട്ടിട്ടുള്ളതുമായ 1167 ക്യൂബിക് മീറ്റർ സാധാരണ മണൽ നീക്കം ചെയ്യുന്നതിന് നൽകിയ അനുമതിയുടെയും, പാസ്സിന്റെയും മറവിൽ അനധികൃതമായി 4619.75 ക്യൂബിക് മീറ്റർ മണൽ അനധികൃതമായി നീക്കം ചെയ്തതായി ബോധ്യപ്പെട്ടതിനെ തുടർന്ന് ടി അനധികൃത ഖനനത്തിന് റോയൽറ്റി, വില, പിഴ ഇനത്തിൽ 11,33,740 രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് തൃശ്ശൂർ ജില്ലാ ജിയോളജിസ്റ്റ് 08.02.2018 തീയതിയിൽ പുറപ്പെടുവിച്ച പരാമർശം (1) ഡിമാന്റ് നോട്ടീസിനെതിരെ ശ്രീമതി.അരുന്ധതി, കണ്ണങ്കേരൻ വീട്, നാട്ടിക.പി.ഒ പരാമർശം (2) പ്രകാരം ഒരു അപ്പീൽ ഹർജി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് ഹർജിക്കാരിയെ അപ്പീൽ അധികാരിയായ അന്നത്തെ ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. പ്രസ്തുത ഹിയറിംഗിൽ അനുവദനീയമായ അളവിൽ കൂടുതൽ മണൽ എടുത്തതായി ജിയോളജിസ്റ്റ് ആരോപിക്കുന്നുണ്ടെങ്കിലും, പ്രസ്തുത അളവ് കണക്കാക്കിയത് ശരിയായ രീതിയിലല്ല എന്ന് ഹർജിക്കാരിക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റ് അറിയിച്ചു.

3. ഈ സാഹചര്യത്തിൽ അപേക്ഷകന്റെയും മറ്റ് ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ പരാതിക്കാസ്പദമായ സ്ഥലത്ത് പുനഃപരിശോധന നടത്തി, അനധികൃതമായി നീക്കം ചെയ്ത മണ്ണിന്റെ അളവ് നിർണ്ണയിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ തൃശ്ശൂർ ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിയിരുന്നു.

4. ഇതനുസരിച്ച് തൃശ്ശൂർ ജില്ലാ ജിയോളജിസ്റ്റ് ലഭ്യമാക്കിയറിപ്പോർട്ട് പ്രകാരമുള്ള

വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ചാവക്കാട് താലൂക്ക് നാട്ടിക വില്ലേജ് സർവ്വെ നം.185/4 ൽപ്പെട്ട സ്ഥലത്ത് കമേഴ്സ്യൽ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി അനുവദിച്ചതിൽ അധികമായി മണൽ നീക്കം ചെയ്തതിന് ശ്രീമതി.അരുന്ധതി, കണ്ണൻകേരൻ വീട്, നാട്ടിക പി.ഒ, തൃശ്ശൂർ എന്നവർക്ക് ജില്ലാ ഓഫീസിൽ നിന്നും ഡിമാന്റ് നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത നോട്ടീസിനെതിരെ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അപ്പീൽ പെറ്റീഷനുമായി ബന്ധപ്പെട്ട് മേൽ സ്ഥലത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പുനഃപരിശോധന നടത്തി അനധികൃതമായി നീക്കം ചെയ്ത മണ്ണിന്റെ അളവ് കൃത്യമായി നിർണ്ണയിച്ച് റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കുന്നതിനായുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 14.01.2020 തീയതിയിൽ തൃശ്ശൂർ ജില്ലാ ജിയോളജി ഓഫീസിലെ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, വില്ലേജ് ഉദ്യോഗസ്ഥർ എന്നിവർ സ്ഥലമുടമയുടെ സാന്നിധ്യത്തിൽ നടത്തിയ വിശദമായ സ്ഥല പരിശോധനയിൽ ടി സ്ഥലത്ത് കെട്ടിട നിർമ്മാണ ആവശ്യത്തിനായി മണ്ണ്, മണൽ എന്നിവ നീക്കം ചെയ്തിട്ടുള്ളതായും ഭാഗികമായി കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളതായും കഴിഞ്ഞ മൂന്ന് വർഷമായി യാതൊരു പ്രവൃത്തിയും നടക്കാതെ കിടക്കുന്നതായ സ്ഥലമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ടി സ്ഥലത്ത് 42 മീറ്റർ നീളത്തിലും 15 മീറ്റർ വീതിയിലും 5 മീറ്റർ താഴ്ചയിലും മണ്ണ്, മണൽ എന്നിവ നീക്കം ചെയ്ത് വെള്ളം കെട്ടികിടക്കുന്ന ഒരു കുഴി ടി സ്ഥലത്തിന്റെ വടക്കുഭാഗത്തും, 30.5 മീറ്റർ നീളത്തിലും 19.5 മീറ്റർ വീതിയിലും ഭാഗികമായി കെട്ടിട നിർമ്മാണം നടത്തി കല്ലും, മണ്ണും മൂടിക്കിടക്കുന്ന സ്ഥലം തെക്ക് ഭാഗത്തായും കാണാൻ കഴിഞ്ഞു. ടി സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുകയും പിന്നീട് നിർത്തിവച്ചിരിക്കുകയും ചെയ്തതിനാൽ അവിടെ നിന്ന് മണ്ണും മണലും എത്ര താഴ്ചയിൽ കുഴിച്ചെടുത്തിട്ടുണ്ടെന്ന് കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ലാത്തതുമാണ്. സ്ഥലപരിശോധനയുടെ ഭാഗമായി കൃത്യമായ സൈറ്റ് മഹസ്സർ തയ്യാറാക്കിയിട്ടുള്ളതാണ്.

പരാതിക്കാസ്പദമായ സ്ഥലത്തു ഭാഗികമായി കെട്ടിട നിർമ്മാണ പ്രവർത്തനം ഭാഗികമായി തുടങ്ങിയിട്ടുള്ളതിനാൽ അവിടെ നിന്നും മണ്ണും, മണലും എത്ര താഴ്ചയിൽ കുഴിച്ചെടുത്തുവെന്ന് കൃത്യമായി തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ലായെന്നാണ് ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കൊമേഴ്സ്യൽ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി പൈൽ ചെയ്തെടുത്ത 1167 ക്യുബിക് മീറ്റർ മണൽ നീക്കം ചെയ്യുന്നതിനാണ് തൃശ്ശൂർ ജിയോളജിസ്റ്റ് ഹർജിക്കാരിക്ക് അനുമതി നൽകിയിരുന്നത്. എന്നാൽ പെർമിറ്റിന്റെ മറവിൽ അശാസ്ത്രീയമായ രീതിയിൽ വലിയ അളവിൽ മണ്ണ് അവിടെ നിന്നും നീക്കുന്നുണ്ടെന്ന നാട്ടിക വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൈനിംഗ് & ജിയോളജി ജില്ലാഓഫീസിൽ നിന്നും നടത്തിയ സ്ഥലപരിശോധനയിൽ ടി സ്ഥലത്തു നിന്നും അനുവദിച്ച അളവിനേക്കാൾ 4619.75 ക്യുബിക് മീറ്റർ മണൽ അവിടെ നിന്നും നീക്കം ചെയ്തതായി കണ്ടെത്തിയിരുന്നു. കൂടാതെ ഡിസാസ്റ്റർ മാനേജ്മെന്റ് ചെയർപേഴ്സൺ കൂടിയായ ജില്ലാ കളക്ടർ 17.05.2017 ൽ പരാതിക്കാസ്പദമായ സ്ഥലത്ത് അനധികൃതമായും, അനിയന്ത്രിതമായും നടന്ന ഖനനത്തിന് സർക്കാരിനുണ്ടായ നഷ്ടം സ്ഥലം ഉടമയിൽ നിന്നും ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ജിയോളജിസ്റ്റിനോട് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. ഈ സാഹചര്യത്തിലാണ് ഹർജിക്കാരന് ജില്ലാ ജിയോളജി ഓഫീസിൽ നിന്നും നോട്ടീസ് നൽകിയത്.

5. അപ്പീൽ അധികാരി ഈ വിഷയം വിശദമായി പരിശോധിച്ചു. ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടം നിർമ്മിക്കുന്നതിന്റെ

വടക്കുഭാഗത്തായി 42 മീറ്റർ നീളത്തിലും, 15 മീറ്റർ വീതിയിലും, 5 മീറ്റർ താഴ്ചയിലും മണ്ണ്, മണൽ എന്നിവ നീക്കം ചെയ്ത് വെള്ളം കെട്ടിക്കിടക്കുന്ന ഒരു കുഴി കാണാൻ കഴിഞ്ഞിട്ടുണ്ടെന്ന് ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. ഇതിൽ നിന്നെല്ലാം അനധികൃത ഖനനം നടന്നിട്ടുണ്ടെന്ന കാര്യം വ്യക്തമാണെന്നതിനാലും, അനധികൃത ഖനനം കൃത്യമായി കണക്കാക്കാനാകില്ലെന്ന് ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും, തൃശ്ശൂർ ജിയോളജിസ്റ്റിന്റെ 08.02.2018 തീയതിയിലെ ഡിമാന്റ് നോട്ടീസ് നിലനിർത്തിക്കൊണ്ടും, ടി ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തൃശ്ശൂർ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിക്കൊണ്ടും ശ്രീമതി.അരുന്ധതി, കണ്ണങ്കേരൻ വീട്, നാട്ടിക.പി.ഒ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
ജോയിന്റ് സെക്രട്ടറി
& അപ്പീൽ അധികാരി

ശ്രീമതി. അരുന്ധതി, കണ്ണങ്കേരൻ വീട്, നാട്ടിക. പി.ഒ, തൃശ്ശൂർ - 680 566.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, തൃശ്ശൂർ.

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 25-03-2024 14:57:59